കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുതുകുളം ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2014-15, 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/ബി.പി-242/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688 011
ഫോൺ: 0477 2252753
ഇ-മെയിൽ: ddhglfalpy@gmail.com

തീയതി: 15.03.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുതുകുളം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മുതുകുളം ബ്ലോക്ക് പഞ്ചായത്ത്- 2014-15, 2015 - 16 സാമ്പത്തിക വർഷങ്ങളിലെ സംയുക്ത ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/ബി.പി-242/2017 തീയതി, 15.03.2017

## ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15,2015-16സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 26.5.2015 മുതൽ 18.02.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ആർ.അശോകൻ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 21.02.2017മുതൽ 28.02.2017 വരെ | ശ്രീ. വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. ഫമിൻ എസ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ,<br>ശ്രീമതി. രാജി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ,<br>ശ്രീ.സുനിൽകുമാർ.ജി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി.ബബിതാജയൻ. | 01.04.2014 മുതൽ 01.11.2015 വരെ |
| 2. | അഡ്വ.ബിബിൻ.സി.ബാബു. | 19.11.2015 മുതൽ 31.03.2016 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.രാജീവ്.വി.ആർ. | 01.04.2014 മുതൽ 10.02.2016 വരെ |
| 2. | ശ്രീ.സുരേന്ദ്രൻ.ആർ (ജോയിന്റ് ബി.ഡി.ഒ ഇൻചാർജ്) | 11.02.2016 മുതൽ 16.02.2016 വരെ |
| 3. | ശ്രീ.അനിസ്.ജി. | 17.02.2016 മുതൽ 31.03.2016 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.എം.കെ.ശ്രീനിവാസൻ<br>ശ്രീമതി.എൻ.സോമലത | 01.04.2014 മുതൽ 01.11.2015 വരെ<br>19.11.2015 മുതൽ 31.03.2016 വരെ |
| 2 | വികസനകാര്യം | ശ്രീമതി.ഓമന.ബി.പിള്ള<br>ശ്രീ.അജയൻ അമ്മാസ്. | 01.04.2014 മുതൽ 01.11.2015 വരെ<br>19.11.2015 മുതൽ 31.03.2016 വരെ |
| 3 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീമതി.തിലോത്തമടീച്ചർ<br>ശ്രീ.ആനന്ദൻ.ആർ<br>ശ്രീമതി.ടി.ശ്രീകുമാരി | 01.04.2014 മുതൽ 01.11.2015 വരെ<br>19.11.2015 മുതൽ 15.12.2015 വരെ<br>16.12.2015 മുതൽ 31.03.2016 വരെ |
| 4 | ക്ഷേമകാര്യം | ശ്രീ.ബിജുഡേവിഡ്.<br>ശ്രീമതി.അംബുജാക്ഷിടീച്ചർ | 01.04.2014 മുതൽ 01.11.2015 വരെ<br>19.11.2015 മുതൽ 31.03.2016 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി അസി. ഡയറക്ടർ | ശ്രീമതി.കെ.കെ.ചന്ദ്രികാകുമാരി<br>ശ്രീമതി.എലിസബത്ത്ഡാനിയൽ.<br>ശ്രീമതി.എൻ.രമാദേവി.<br>ശ്രീ.പി.കെ.അനിൽകുമാർ. | 01.04.2014മുതൽ01.02.2016വരെ<br>02.02.2016മുതൽ03.02.2016വരെ<br>04.02.2016മുതൽ24.02.2016വരെ<br>25.02.2016മുതൽ31.03.2016വരെ |
| 2 | എസ്.സി.ഡി.ഒ | ശ്രീമതി.ജലജ.ഡി. | 01.04.2014മുതൽ31.03.2016വരെ |
| 3 | സി.ഡി.പി.ഒ | ശ്രീമതി.ബേബി.എം.<br>ശ്രീമതി.എ.സെലിൻ സ്റ്റെപ്ലാമേരി | 01.04.2014മുതൽ 26.7.2015 വരെ<br>27.07.2015മുതൽ31.03.2016വരെ |
| 4 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.റ്റി.കൃഷ്ണകുമാർ. | 01.04.2014മുതൽ31.03.2016വരെ |
| 5 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.ചിത്രാസാം.<br>ഡോ.റ്റി.എം.ശോഭന.<br>ഡോ.ഫമീർസിദ്ദിക്. | 01.04.2014മുതൽ07.05.2014വരെ<br>08.05.2014മുതൽ02.08.2014വരെ<br>25.08.2014മുതൽ31.03.2016വരെ<br>03.08.2014മുതൽ24.08.2014വരെ |
| 6 | അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനിയർ | ശ്രീ.എസ്.സുരേഷ്.<br>ശ്രീമതി.എൻ.ഷൈനി. | 01.04.2014മുതൽ25.05.2014വരെ<br>26.05.2014മുതൽ31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to 1-11 |
| | ഭാഗം 2 | |
| 2 | വ്യവസായ കോംപ്ലക്സ് കടമുറികളുടെ വാടക- വാടക തുകയിൽ വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല. | 2-1 |
| 3 | 2014-15 ൽ ലേലം നടത്തിയതായി രേഖയില്ല | 2-2 |
| 4 | നിർമ്മാണ പ്രവൃത്തികളിൽ നിന്നും ലഭ്യമായ വസ്തുക്കളുടെ പുനരുപയോഗം/ലേലം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 2-3 |
| | ഭാഗം 3 | |

| | | |
|---|---|---|
| 5 | ബജറ്റ് അംഗീകാരമില്ലാതെ പദ്ധതിപ്പണം ചെലവഴിച്ചു | 3-1 |
| 6 | അനധികൃത യാത്രാബത്ത - 35349 രൂപയുടെ ചെലവ് അനുവദനീയമല്ല. | 3-2 |
| 7 | വാഹനം ദുരുപയോഗം ചെയ്തു - അറ്റകുറ്റപ്പണിക്ക് ലക്ഷങ്ങൾ ലോഗ് ബുക്ക് സൂക്ഷിച്ചിട്ടില്ല | 3-3 |
| 8 | കുറഞ്ഞ ക്വട്ടേഷൻ അവഗണിച്ച് കൂടിയ തുകയ്ക്ക് സാധനങ്ങൾ വാങ്ങി- അധികചെലവ്- 26474/- രൂപ. | 3-4 |
| 9 | ഫൈനൽ ബില്ലിൽ നിന്നും ടെന്റർ കുറവ് വരുത്താതെ തുക അനുവദിച്ചു. | 3-5 |
| 10 | ബ്ലോക്ക് ഓഫീസ് ചുറ്റുമതിൽ ഉയർത്തലും, മറ്റ് നവീകരണ പ്രവർത്തനങ്ങളും- കരാറുകാരന് അധിക തുക നൽകി | 3-6 |
| 11 | മുരിങ്ങച്ചിറ-കണ്ണാട്ടുമുക്ക റോഡ് പുനരുദ്ധാരണം- ആദായ നികുതി ഈടാക്കിയതിൽ കുറവ് | 3-7 |
| 12 | ഇടവിള കൃഷി വികസനം - അധിക തുക നൽകി - ചെലവ് നിരാകരിക്കുന്നു | 3-8 |
| 13 | പൊതു ആവശ്യഗ്രാന്റ് - പണം കൈകാര്യം ചെയ്യുന്നതിൽ ചട്ടങ്ങൾ പാലിക്കുന്നില്ല | 3-9 |
| 14 | വാഹന ഉപയോഗം, ലോഗ് ബുക്ക് രേഖപ്പെടുത്തൽ, ഇന്ധനം നിറച്ചത് എന്നിവ സംബന്ധിച്ച അപാകതകൾ | 3-10 |
| 15 | നൽകിയ മുഴുവൻ തുകക്കുമുള്ള മരുന്നുകൾ ലഭിച്ചില്ല. | 3-11 |
| 16 | ക്ഷീരസംഗമം - ചെലവു രേഖകൾ സൂക്ഷിച്ചിട്ടില്ല | 3-12 |
| 17 | ഐ.എ.വൈ.പദ്ധതി-ഗ്രാമ - ജില്ലാ പഞ്ചായത്ത് വിഹിതം- ധനവിനിയോഗ നിർദ്ദേശങ്ങൾ പാലിയ്ക്കപ്പെടുന്നില്ല. | 3-13 |
| 18 | ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.-തുക തിരികെ ഈടാക്കേണ്ടതാണ്. | 3-14 |
| 19 | താൽക്കാലിക ജീവനക്കാരിക്ക് വേതനകുടിശ്ശിക അധികമായി നൽകി | 3-15 |
| 20 | ബിൽ, രസീത് ഇവയില്ലാതെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് ടെലഫോൺ അലവൻസ് അനുവദിച്ചു | 3-16 |
| 21 | വിഭിന്ന ശേഷിയുള്ളവർക്ക് മുച്ചക്രവാഹനം -രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല | 3-17 |
| 22 | ഡ്രൈവർ നിയമന -യോഗ്യതാ പട്ടകയിൽ ഇല്ലാത്ത വ്യക്തിയെ നിയമിച്ചു | 3-18 |
| 23 | നോൺബാങ്കിംഗ് ട്രഷറിയിൽ നിന്നും പിൻവലിച്ചതും ചെലവഴിക്കപ്പെടാത്തതുമായ തുക യഥാസമയം തിരിച്ചടച്ചില്ല | 3-19 |
| 24 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ | 3-20 |
| 25 | വാണിജ്യ നികുതി വകുപ്പിൽ നിന്നുള്ള കോംമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ കരാറുകാർക്ക് വാറ്റ് കുറവ് ചെയ്തു നല്കി | 3-21 |
| | ഭാഗം 4 | |
| 26 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ ബജറ്റ് 26.2.14 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 2015-16 വർഷത്തെ ബജറ്റിന്റെ വിവരങ്ങൾ 25.03.15 ലെ ഒന്നാം നമ്പർ തീരുമാനമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബജറ്റ് അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | 2014-15 | 2015-16 |
|---|---|---|
| ബജറ്റ് പ്രകാരമുള്ള വരവ് | 689236429 | 389624231 |
| ബജറ്റ് പ്രകാരമുള്ള ചെലവ് | 656448100 | 388597250 |

1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2014-15 | 31.7.2015 | 9.07.2015 |
| 2015-16 | 31.7.2016 | 11.7.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2014-15, 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണങ്ങളോടുകൂടിയ (ക്വാളിഫൈഡ്) സർട്ടിഫിക്കറ്റ് നൽകുന്നു.

(വിശദ വിവരം ഖണ്ഡിക- 4-1 കാണുക)

1-4 സാമ്പത്തിക വിശകലനം

2014-15

| | |
|---|---|
| മുന്നിരിപ്പ് | 53199817 |
| വരവ് | 135596023 |
| ആകെ | 188795840 |
| ചെലവ് | 158873161 |
| നീക്കിയിരിപ്പ് | 29922679 |

2015-16

| | |
|---|---|
| മുന്നിരിപ്പ് | 29922679 |
| വരവ് | 145780829 |
| ആകെ | 175703508 |
| ചെലവ് | 128182636 |
| നീക്കിയിരിപ്പ് | 47520872 |

1-5 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| പൊതുവിഭാഗം | 2112758 | 28417500 | 30530258 | 30377976 | 152282 |
| എസ്.സി.പി. | 344129 | 10169000 | 10513129 | 10439633 | 73496 |
| ടി.എസ്.പി. | 0 | 192000 | 192000 | 192000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 187305 | 187305 | 95018 | 92287 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 22000 | 6209902 | 6231902 | 5329797 | 902105 |

2015-16

| | മുന്നിരുപ്പ് | ടി.സി. ചെയ്ത് ലഭിച്ച തുക | തൻവർഷ അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക | ആകെ (2+3+5) | ചെലവ് | ടി.സി. ചെയ്ത് നൽകിയ തുക | സർക്കാരിലേയ്ക്ക് തിരിച്ചടച്ച തുക | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|---|---|---|
| പൊതുവിഭാഗം | 152282 | | 28770000 | 28770000 | 28922282 | 28774782 | -- | 147500 | 0 |
| എസ്.സി.പി. | 73496 | | 10169000 | 7894000 | 7967496 | 7967496 | | | 0 |
| ടി.എസ്.പി. | 0 | | 192000 | 0 | 0 | 0 | | | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 92287 | | 0 | 0 | 92287 | 90124 | 2163 | | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 902105 | 2163 | 4191000 | 167735 | 1072003 | 1072003 | | | 0 |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

2014-15

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 47 | 157983684 | 42 | 47885174 | 3 | 2 | 89% |

2015-16

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 66 | 105722570 | 45 | 38156825 | 4 | 17 | 68% |

1-7 തനത് വരുമാനം.

ബ്ലോക്ക് പഞ്ചായത്തിൽ നികുതി വരവുകളില്ലാത്തതിനാലും, മറ്റ് തനത് വരവുകൾ വളരെ കുറവായതിനാലും ഉൾപ്പെടുത്തുന്നില്ല.

1-8 ക്ഷേമപദ്ധതികൾ

ഇല്ല

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.02.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിൽ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, ആസ്തി വിവര രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, കമ്പ്യൂട്ടർ ഹാർഡ് വെയർ രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.11.15- 4.12.15 | 2014-15 | 2.11.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6.7.15 – 13.7.15 | 2012-13 മുതൽ 2014-15 വരെ | 24.8.16 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വ്യവസായ കോംപ്ലക്സ് കടമുറികളുടെ വാടക- വാടക തുകയിൽ വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല.

2 കടമുറികളുടെ (കടമുറി നം.1, നം.2) വാടക വാർഷികമായി പരിഷ്കരിക്കാതെ 3 വർഷം തുടർച്ചയായി ഒറ്റ കരാറിന്റെ അടിസ്ഥാനത്തിൽ ഒരേ നിരക്കിൽ വാടകയ്ക്ക് നൽകി. കരാർ ഉടമ്പടി നം.5 പ്രകാരം 5% വാർഷിക വർദ്ധനവ് നിർദ്ദേശിച്ചിരുന്നെങ്കിലും ഇക്കാലമത്രയും (10/2014 മുതൽ 10/2017വരെ) 2500/- രൂപയാണ് ഒരു കടമുറിക്ക് പ്രതിമാസ വാടക. ഓഡിറ്റ് കാലയളവിൽ 5% വാർഷിക വർദ്ധനവ് വരുത്താതിരുന്നതിനാൽ ഈ 2 കടമുറികളുടെ വാടകയിനത്തിൽ ആകെ 1250/-രൂപ (625x2) ബ്ലോക്ക് പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്. 3-ാം നമ്പർ കടമുറിയിൽ നിന്നും 04/15 വരെ മാത്രമാണ് വാടക (@2500/-) ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്. 04/15 ന ശേഷം ടി കട മുറി വാടകയ്ക്ക് നൽകിയതായോ കരാർ ചമച്ചതായോ ഇതിൽ നിന്ന് വരുമാനം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല. മേൽ വിഷയങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7) മറുപടി ലഭിച്ചില്ല. ബ്ലോക്ക് പഞ്ചായത്തിന് നഷ്ടപ്പെട്ട 1250/-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 2-2 2014-15 ൽ ലേലം നടത്തിയതായി രേഖയില്ല

വാർഷിക ധനകാര്യപത്രിക പ്രകാരം 2014-15 ൽ ബ്ലോക്ക് പഞ്ചായത്തിന് ലേലം ഇനത്തിൽ 4300/- രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. എന്നാൽ ടി കാലയളവിൽ രജിസ്റ്റർ, ലേലഡയറി, ഫയൽ മുതലായ രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള വരുമാനത്തിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിനായിട്ടില്ല. ലേലം സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.12) നൽകിയിരുന്നെങ്കിലും 2015-16 ലെ ലേല രേഖകൾ മാത്രമാണ് ഹാജരാക്കിയത്. 2014-15ലെ ലേലം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### 2-3 നിർമ്മാണ പ്രവൃത്തികളിൽ നിന്നും ലഭ്യമായ വസ്തുക്കളുടെ പുനരുപയോഗം/ലേലം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട് ലഭ്യമായ വസ്തുക്കളുടെ മൂല്യം താഴെ പറയും വിധം അസി.എക്സി.എഞ്ചിനിയർ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വസ്തുക്കളുടെ പുനരുപയോഗം/ലേലം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ലഭ്യമായ വസ്തുക്കൾ | നിർണ്ണയിച്ച മൂല്യം | സർവ്വേ റിപ്പോർട്ട് നം/തീയതി |
|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് വ്യവസായ കോംപ്ലക്സ് നവീകരണം | ജി.ഐ. ഷീറ്റ്, ഇരുമ്പ് ഗേറ്റ് | 8415 | 3/15-16/ 11.2.15 |
| 2 | ബ്ലോക്ക് ഓഫീസ് വനിത ക്യാന്റീൻ പുനരുദ്ധാരണം | ജി.ഐ. ഷീറ്റ്, പൈപ്പ് | 19426 | 2/15-16/ 11.2.15 |

| | | | | |
|---|---|---|---|---|
| 3 | ബ്ലോക്ക് ഓഫീസ് ചുറ്റുമതിൽ ഉയർത്തലും, മറ്റ് നവീകരണ പ്രവർത്തനങ്ങളും | ജി.ഐ. ഷീറ്റ്, പൈപ്പ്, പർലിൻ | 27898 | 1/15-16/ 11.2.15 |

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/27.02.2017) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ലേല തുക കുറഞ്ഞുപോയതിനാൽ ലേലം സ്ഥിരപ്പെടുത്തിയില്ലെന്നും പുനർ ലേലം നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച കമ്മറ്റി തീരുമാനം, ലേല ഫയൽ എന്നിവ ഓഡിറ്റിൽ ഹാജരാക്കിയില്ല. പ്രസ്തുത വസ്തുക്കളുടെ ലേലം നടത്തി പൂർണ്ണമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ബജറ്റ് അംഗീകാരമില്ലാതെ പദ്ധതിപ്പണം ചെലവഴിച്ചു

2014-15 സാമ്പത്തിക വർഷത്തെ താഴെപ്പറയുന്ന പദ്ധതി ചെലവുകൾക്ക് ബജറ്റംഗീകാരം ഉണ്ടായിരുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമം 1994 വകുപ്പ് 214 പ്രകാരം ബജറ്റിൽ പ്രതിപാദിക്കാത്ത ഒരു ചെലവും ചെയ്യാൻ പാടുള്ളതല്ല. ബജറ്റിലില്ലാത്ത ഏതെങ്കിലും ചെലവ് ചെയ്യണമെങ്കിൽ സപ്ലിമെന്ററി അഥവ റിവൈസ്ഡ് ബജറ്റ് പാസ്സാക്കേണ്ടതാണ്. ഈ വ്യവസ്ഥ പാലിക്കാതെയാണ് താഴെപ്പറയുന്ന ചെലവുകൾ ചെയ്തിട്ടുള്ളത്.

| പദ്ധതി നം. | പദ്ധതിയുടെ പേര് | ചെലവ് | ഫണ്ട് |
|---|---|---|---|
| 12 | പ്രൊഫഷണൽ/പി.ജി. കോഴ്സ് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 1012000 | വികസന ഫണ്ട് (എസ്. സി.പി) |
| 45 | ജില്ല പ്ലാനിംഗ് ഓഫീസ് കെട്ടിട നിർമ്മാണം വിഹിതം നൽകൽ | 200000 | വികസന ഫണ്ട് (ജനറൽ) |
| 54 | വോട്ടിംഗ് മെഷീൻ ബ്ലോക്ക് വിഹിതം നൽകൽ | 500000 | വികസന ഫണ്ട് (ജനറൽ) |
| 8 | ഇടവിളകൃഷി വികസനപദ്ധതി (പൊതുവിഭാഗം) | 409944 | വികസന ഫണ്ട് (ജനറൽ) |
| 26 | കാടാമ്പള്ളിൽ കോളനി ഫുട്പാത്ത് | 199914 | വികസന ഫണ്ട് (എസ്. സി.പി) |
| 27 | ചാരുംമൂട് കോളനി ഫുട്പാത്ത് | 63212 | വികസന ഫണ്ട് (എസ്. സി.പി) |
| 28 | മുതിനിതാഴെ കോളനി ഫുട്പാത്ത് | 218414 | വികസന ഫണ്ട് (എസ്. സി.പി) |
| 18 | ബ്ലോക്കാഫീസ് ചുറ്റുമതിൽ ഉയർത്തൽ, മറ്റ് നവീകരണം | 787346 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| 49 | സി.എച്ച്.സി മെയിന്റനൻസ് | 820773 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| 46 | ബ്ലോക്കാഫീസ് പുനർ വൈദ്യുതീകരണം | 239686 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| 51 | CDPO ഓഫീസ് അടിസ്ഥാന സൗകര്യ വികസനം | 59750 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| 52 | അസി. എക്സി.എൻജിനീയർ ഓഫീസ് അടിസ്ഥാന സൗകര്യ വികസനം | 119743 | മെയിന്റനൻസ്ഗ്രാന്റ് ( റോഡിതരം) |

| | | | |
|---|---|---|---|
| 53 | SCDO ഓഫീസ് അടിസ്ഥാന സൗകര്യ വികസനം | 55125 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| 48 | ചേപ്പാട് മുറിയാമൂട് ആതിര ജം. റോഡ് പുനരുദ്ധാരണം | 95018 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |

ബജറ്റ് അനുവാദമില്ലാതെ ചെലവുകൾ ചെയ്തതിനെ കുറിച്ച് അന്വേഷണം നടത്തുന്നതിനായി ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

2015-16 വർഷത്തെ ബജറ്റ് ചർച്ചചെയ്യാൻ 25/3/2015 ൽ പഞ്ചായത്ത് സമിതി യോഗംകൂടി ബജറ്റ് അവതരിപ്പിച്ചു. എന്നാൽ ഇതിന്റെ മിനിറ്റ്സിൽ ബജറ്റ് അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. സ്ഥിരം സമിതികൾ ജനുവരിയിൽ തന്നെ ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്ഥിരം സമിതിക്ക് നൽകണമെന്നും അതുവച്ച് തയ്യാറാക്കപ്പെടുന്ന വിശദമായ ബജറ്റ് മാർച്ച് ആദ്യവാരം കഴിയും മുൻപ് പഞ്ചായത്ത് സമിതി മുൻപാകെ അവതരിപ്പിക്കണമെന്നും ബജറ്റിൻമേൽ വിശദമായ ചർച്ച നടത്തണമെന്നും ഉള്ള നിയമത്തിലെ വ്യവസ്ഥകളും പാലിക്കപ്പെട്ടില്ല. 2015- 16ലെ വിവിധ ചെലവുകൾ ബജറ്റിൽ സംക്ഷിപ്ത വിവരത്തിലും പദ്ധതികൾ വിവരിക്കുന്നതിലും വ്യത്യസ്തമായി നൽകിയിരിക്കുന്നു.

| ഫണ്ട് | ബജറ്റ് സംക്ഷിപ്തത്തിലെ പ്രതീക്ഷിത ചെലവ് | പദ്ധതികൾക്കുള്ള ബജറ്റ് വകയിരുത്തൽ പ്രകാരം ആകെ പ്രതീക്ഷിത ചെലവ് |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 31647000 | 31347000 |
| മെയിന്റനൻസ്ഗ്രന്റ് റോഡ് | 16916000 | 00 |
| പൊതു ആവശ്യ ഗ്രാന്റ് | 2870000 | 2855000 |

ചട്ടങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കി അംഗീകാരം നേടുവാനും ബജറ്റിനനുസൃതമായി മാത്രം ചെലവുകൾ നിർവ്വഹിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-2 അനധികൃത യാത്രബത്ത - 35699 രൂപയുടെ ചെലവ് അനുവദനീയമല്ല

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ബബിത ജയൻ 10/10/14 ൽ ന്യൂ ഡൽഹിയിൽ പോയി 12/10/14 ൽ തിരികെ വന്നതായി കാണിച്ച് 37049 രൂപ യാത്ര ബത്ത കൈപ്പറ്റിയിട്ടുണ്ട്. (വൗച്ചർ നം 5/8-2015, ചെക്ക് നം. 4623146 , 7/8/2015 ആകെ തുക 70359)ഈ തുക അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

ക) മേൽപ്പറഞ്ഞ യാത്രയിൽ 32349 രൂപ വിമാന യാത്രക്കൂലിയാണ്. വിമാനയാത്രക്ക് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഇത്തരത്തിൽ ഒരനുമതി ലഭിച്ചിട്ടില്ല. ആകയാൽ ഈ ചെലവ് അനുവദനീയമല്ല. ഇതോടൊപ്പം നൽകിയിരിക്കുന്ന ഇൻസിഡന്റൽ എക്സ്പെൻസ് 35രൂപയും അനുവദനീയമല്ല.

ഖ) ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് ഔദ്യോഗിക വാഹനമുള്ളപ്പോൾ ടാക്സിയിൽ എയർപോർട്ടിലേക്കും തിരിച്ചും ഉള്ള യാത്രയുടെ കാരണം വ്യക്തമല്ല. ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നില്ലെങ്കിൽ തന്നെ പൊതുഗതാഗത മാർഗ്ഗം ഉപയോഗിക്കണം എന്ന ചട്ടം പാലിക്കപ്പെട്ടിട്ടില്ല. (യാത്രകൾ പകൽ സമയത്താണെന്നും കാണുന്നു). ആകയാൽ ഈയിനത്തിൽ അനുവദിച്ച 3000 രൂപയുടെ (1500+1500) ചെലവ് ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഗ) യാത്ര ബത്തക്കായി പ്രസിഡന്റ് യാത്രാതീയതി, സമയം, യാത്രാ രീതി മുതലായവ അടങ്ങുന്ന ക്ലയിം ഒപ്പിട്ട് യഥാസമയം നൽകിയതായി ഫയലിൽ കാണുന്നില്ല.

ഘ) കൃത്യമായ മാതൃകയിൽ ബിൽ തയ്യാറാക്കിയിട്ടില്ല. ഡൽഹിയിൽ എത്തിയ സമയം, മടക്കസമയം എന്നിവയും അവിടുത്തെ താമസ ഭക്ഷണ വിവരങ്ങളും ലഭ്യമാക്കാതെ 2 ദിവസത്തെ മുഴുവൻ ദിനബത്ത അനുവദിച്ചതും എങ്ങനെയെന്ന് വ്യക്തമല്ല.

ഇതു സംബന്ധിച്ച ആഡിറ്റ് അന്വേഷണം നൽകിയെങ്കിലും (നം.6, 25/2/2017) ചെലവ് സാധൂകരിക്കുന്ന രേഖകളൊന്നും ഹാജരാക്കിയില്ല. ആകയാൽ മേൽപ്പറഞ്ഞ 35699 (32349+3000+300) രൂപ തുക കൈപ്പറ്റിയ പ്രസിഡന്റ് ശ്രീമതി.ബബിത ജയനിൽ നിന്ന് സെക്രട്ടറി ഈടാക്കേണ്ടതാണ്. യാത്ര ബത്ത ആവശ്യപ്പെട്ട് കൃത്യമായ ടൂർ ഡയറി ഹാജരാക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ ബാക്കി 1350രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 വാഹനം ദുരുപയോഗം ചെയ്തു - അറ്റകുറ്റപ്പണിക്ക് ലക്ഷങ്ങൾ - ലോഗ് ബുക്ക് സൂക്ഷിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനമായ KL 29F 184 കാറിന് 28/09/2014 ൽ അപകടം സംഭവിച്ചതിനാൽ അറ്റകുറ്റപ്പണി നടത്തിയ വകയിൽ 242022/- രൂപ (ചെക്ക് നം.2777046 തീ.10/02/15) ചെലവഴിച്ചിട്ടുണ്ട്. ടി ചെലവ് സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(i) അപകടത്തിന്റെ സ്വഭാവം അനുസരിച്ച് അപകടത്തിൽ തീ പിടുത്തം ഉണ്ടായിട്ടില്ല. അപകടം നടന്ന വാഹനത്തിന്റെ ലോഗ് ബുക്ക് നഷ്ടപ്പെടുവാൻ യാതൊരു കാരണവുമില്ല

(ii) ലോഗ് ബുക്ക് തിരിച്ച് കിട്ടാനാവാത്തവിധം നഷ്ടപ്പെട്ടതായി എസ്.ഐ ക്ക് സാക്ഷ്യപ്പെടുത്താൻ അധികാരമില്ലാത്തതിനാൽ തെളിവായി എഫ്.ഐ.ആറിന്റെ പകർപ്പ് സൂക്ഷിച്ചിട്ടില്ല.

(iii) അപകടം നടന്ന ദിവസം പൊതുഅവധി ആയിരുന്നതിനാൽ (28.09.2014 ഞായർ) ടി യാത്ര ഔദ്യോഗികമാണെന്ന് തെളിയിക്കുന്ന രേഖകൾ ഒന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. (നോട്ടീസ്/ഫോട്ടോ /പരസ്യം/പ്രസിഡന്റിനുള്ള ക്ഷണക്കത്ത് മുതലായവ)

(iv) ലോഗ് ബുക്ക് നഷ്ടപ്പെട്ടതായി ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് തീരുമാനമെടുത്തതായി രേഖയില്ല.

(v)ലോഗ് ബുക്ക് നഷ്ടപ്പെട്ടതായി പത്രപരസ്യം നൽകിയതായി രേഖയില്ല.

(vi)ലോഗ് ബുക്ക് നഷ്ടപ്പെട്ടതായി ഭരണ വകുപ്പിനെ അറിയിച്ചതായോ ഇതിന്മേൽ തുടർ നടപടി സ്വീകരിച്ചതായോ രേഖയില്ല.

മേൽപ്പറഞ്ഞ രേഖകൾ, ഫയൽ എന്നിവ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം(നം.7) നൽകിയിരുന്നെങ്കിലും രേഖകളോ മറുപടിയോ ലഭിച്ചില്ല. ടി സാഹചര്യത്തിൽ യാത്ര സ്വകാര്യ യാത്രയായി പരിഗണിച്ച് ഈയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിനുണ്ടായ അധിക ചെലവ് വാഹനം ഉപയോഗിച്ച വ്യക്തിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കി അടിയന്തിരമായി തിരികെ ഈടാക്കേണ്ടതാണ്. അപകടത്തിൽ ഇൻഷ്വറൻസ് ക്ലെയിമായി 1,36250/-രൂപ ലഭിച്ചിട്ടുള്ളതിനാൽ ടി തുക കഴിച്ച് ബ്ലോക്ക് പഞ്ചായത്തിന് നഷ്ടമായ ബാക്കി 105772/- രൂപ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 കുറഞ്ഞ ക്വട്ടേഷൻ അവഗണിച്ച് കൂടിയ തുകയ്ക്ക് സാധനങ്ങൾ വാങ്ങി- അധികചെലവ്- 26474/- രൂപ.

മുതുകുളം സി.എച്ച്.സി ക്ക് ആശുപത്രി ഉപകരണങ്ങളും ഫർണീച്ചറുകളും വാങ്ങൽ. (പ്രോജക്റ്റ് നം.14/15).

നിർവഹണം-മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.

ചെലവ് -2,00,000/- (ബിൽ നം.6/14-15 തീയതി 23.3.15.)

ആശുപത്രി ഉപകരണങ്ങളും ഫർണീച്ചറുകളും ക്വട്ടേഷൻ/ടെന്റർ കൂടാതെ വാങ്ങുന്നതായാണ് പ്രോജക്ടിൽ രേഖപ്പെടുത്തിയിരുന്നത്. എന്നാൽ, ആവശ്യമായ സാധനങ്ങളുടെ ഇൻഡന്റ് തയ്യാറാക്കി, വില അറിയിയ്ക്കുന്നതിന് റെയ്ഡ്കോ, സിഡ്കോ, സിൽക്ക് എന്നീ സ്ഥാപനങ്ങൾക്ക് കത്ത് നൽകി. ഇത് പ്രകാരം, മൂന്ന് സ്ഥാപനങ്ങളും അവരുടെ പക്കലുള്ള ആശുപത്രി ഉപകരണങ്ങളുടെയും ഫർണീച്ചറുകളുടെയും വില അറിയിച്ചു. നൽകിയ ഇൻവോയ്സുകൾ പരിശോധിച്ചതിൽ, ഉപകരണങ്ങൾക്കും ഫർണീച്ചറുകൾക്കും കുറഞ്ഞ വില ക്വാട്ട് ചെയ്തത്

സിൽക്ക് ആണ്. വാങ്ങലിനായി രൂപീകരിച്ച സബ്കമ്മിറ്റിയുടെ 22.12.14 ലെ തീരുമാനത്തിൽ 3 ക്വട്ടേഷനുകളിൽ നിരക്ക് കുറവ് സിൽക്ക് ആണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും ഗുണനിലവാരത്തിൽ സംശയമായതിനാലും ആവശ്യമായ എല്ലാ ഉപകരണങ്ങളും ഇല്ല എന്ന കാരണത്താലും റെയ്ഡ്കോയിൽ നിന്നും വാങ്ങുന്നതാണ് ഉചിതമെന്ന് കാണിച്ച് 1,75,900/-രൂപ യുടെ സാധനങ്ങൾ റെയ്ഡ്കോയിൽ നിന്നും വാങ്ങി. കൂടാതെ, ആവശ്യപ്പെട്ട റഫ്രിജറേറ്റർ, വാട്ടർ പ്യൂരിഫയർ എന്നിവയുടെ സ്പെസിഫിക്കേഷൻ റെയ്ഡ്കോ രേഖപ്പടുത്തിയിട്ടില്ലാത്തതിനാൽ ഗുണനിലവാരത്തിൽ സംശയമുണ്ട് എന്ന് രേഖപ്പെടുത്തി ഇവ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങുന്നതിനും സബ്കമ്മിറ്റി തീരുമാനിച്ചു. റഫ്രിജറേറ്റർ, വാട്ടർ ഫിൽറ്റർ എന്നിവയ്ക്ക് റെയിഡ്കോയുടെ വില യഥാക്രമം 11577/-,1492/- രൂപയായിരുന്നു. എന്നാൽ, ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങിയപ്പോൾ റഫ്രിജറേറ്റർ (LG-19.5ml), വാട്ടർ ഫിൽറ്റർ (കെന്റ്) എന്നിവയ്ക്ക് യഥാക്രമം 12800/-, 8500/- രൂപയാണ് നൽകിയത്.

ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ഗുണനിലവാര റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/28.2.17 ന് മറുപടി നൽകിയില്ല. യാതൊരു പരിശോധനയും നടത്താതെ "ഗുണനിലവാരമില്ല" എന്ന വെറും രേഖപ്പെടുത്തൽ മാത്രം നടത്തി സാധനങ്ങൾക്കായി കൂടിയ തുക ചെലവഴിക്കുകയാണുണ്ടായത്. സംശയങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ് കുറഞ്ഞ വില രേഖപ്പെടുത്തിയ ക്വട്ടേഷൻ അവഗണിച്ചത്. സ്റ്റോർ പർച്ചേസ് റൂൾസ് പ്രകാരം സ്ഥാപനത്തിന് ആവശ്യമുള്ള എല്ലാ സാധനങ്ങളും വിതരണം ചെയ്യാൻ കഴിയുന്ന സ്ഥാപനങ്ങളിൽ നിന്നുമാണ് ക്വട്ടേഷൻ ക്ഷണിക്കേണ്ടതും. ആയതിനാൽ, തങ്ങൾക്കാവശ്യമായ എല്ലാ ഉപകരണങ്ങളും "സിൽക്ക് "ൽ ഇല്ല എന്നതും അംഗീകരിക്കാനാവുന്നില്ല. കുറഞ്ഞ ക്വട്ടേഷൻ അവഗണിച്ചതു കാരണമുണ്ടായ അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം. | സിൽക്കിന്റെ ഇൻവോയ്സ് പ്രകാരമുള്ള വില | റെയിഡ്കോയ്ക്ക് നൽകിയ തുക | അധികം. |
|---|---|---|---|---|
| 1. | Steel arm chair-4 seater. | 6240/- | 7590*3= 22770/- | 1350*3=4050/- |
| 2. | Back rest(Steel) | 2160/- | 3080*2= 6160/- | 920*2 =1840/- |
| 3. | Oxygen stand. | 1550/- | 2035*2= 4070/- | 485*2=970/- |
| 4. | Steelcabinet 78*56 *18 (ഗേജ് രേഖപ്പെടുത്തിയിട്ടില്ല.) | 9363/- | 10450*2= 20900/- | 1087*2=2174/- |
| 5. | Steeltable. 48*24*30 (ഗേജ് രേഖപ്പെടുത്തിയിട്ടില്ല.) | 4200/- | 4840 *3= 14520/- | 640*3=1920/- |
| 6. | Steeltable. 54*30*30 (ഗേജ് രേഖപ്പെടുത്തിയിട്ടില്ല.) | 4800/- | 9790/- | 4990/- |
| 7. | Wheelchair. | 5291/- | 7590/- | 2299/- |
| | ആകെ. | | | 18243/- |

റെയ്ഡ്കോയിൽ നിന്നും വാങ്ങിയ ബാക്കി തുകക്കുള്ള ഫർണീച്ചർ, ആശുപത്രി ഉപകരണങ്ങൾ എന്നിവ സിൽക്ക് നൽകിയ ഇൻവോയ്സിൽ ഉൾപ്പെടാത്തതും സ്പെസിഫിക്കേഷനിൽ വ്യത്യാസമുള്ളവയുമാണ്.

നിലവാരം ഉറപ്പാക്കാതെ ഗുണനിലവാരത്തിൽ സംശയമുണ്ട് എന്ന് രേഖപ്പെടുത്തി റഫ്രിജറേറ്റർ, വാട്ടർ ഫിൽറ്റർ എന്നിവയ്ക്ക് ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങിയപ്പോൾ അധികം ചെലവഴിച്ച 8231/- (12800-11577=1223, 8500-1492=7008) രൂപയും ഓഡിറ്റിൽ നിരാകരിക്കുന്നു. ആകെ നിരാകരിച്ച 26474/-രൂപ അധിക ചെലവിനുത്തരവാദികളായ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും സബ്കമ്മിറ്റി അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്, അത് കണ്ട് ബോധ്യപ്പെടാവുന്നതല്ല. ആയതിനാൽ, ഗുണനിലവാരം നേരിട്ട് ബോധ്യപ്പെട്ടു എന്ന മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

സബ്കമ്മിറ്റി അംഗങ്ങൾ.

ശ്രീമതി.ബബിതാജയൻ.

ശ്രീ.ജെ.സുജിത്ത്.

ശ്രീമതി.ഓമന.ബി.പിള്ള.

ശ്രീമതി.തിലോത്തമ ടീച്ചർ.

ശ്രീമതി.വി.എസ്.ശ്രീജ.

## 3-5 ഫൈനൽ ബില്ലിൽ നിന്നും ടെന്റർ കുറവ് വരുത്താതെ തുക അനുവദിച്ചു.

1. ബ്ലോക്ക് ഓഫീസ് അവാർഡ് മന്ദിരം വൈദ്യുതീകരണം (പ്രോജക്ട് നം.41/15)

നിർവഹണം -സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്.

കരാറുകാരൻ -ശ്രീ.ഗോപാലകൃഷ്ണൻ നായർ, പവർ ഓൺ ഇലക്ട്രിക്കൽ ഡിസൈനേഴ്സ് & കോൺട്രാക്ടേഴ്സ്, രാമപുരം.

എം ബുക്ക് നം-1/14-15, പേജ് നം-1-20.

പ്രവൃത്തിയുടെ മൂല്യം- 127105/-

ബ്ലോക്ക് ഓഫീസ് താത്കാലികമായി പ്രവർത്തിച്ചിരുന്ന സ്വരാജ് അവാർഡ് മന്ദിരത്തിന്റെ ഒന്നാം നിലയുടെ വൈദ്യുതീകരണത്തിനും ട്രെയിനിംഗ് കം ഫെസിലിറ്റേഷൻ സെന്ററിൽ കമ്പ്യൂട്ടർ പോയിന്റ് സ്ഥാപിക്കുന്നതിനുമായുള്ള പദ്ധതിയാണിത്. പദ്ധതിയ്ക്കായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി.ഇലക്ട്രിക്കൽ ഡിവിഷൻ, ആലപ്പുഴ തയ്യാറാക്കി നൽകിയത് 2,00,000/- രൂപയുടെ എസ്റ്റിമേറ്റാണ്. 17.10.14ൽ ടെന്റർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുക (2.5% below estimate rate) ക്വാട്ട് ചെയ്ത ശ്രീ.ഗോപാലകൃഷ്ണൻ നായർ, പവർ ഓൺ ഇലക്ട്രിക്കൽ ഡിസൈനേഴ്സ് & കോൺട്രാക്ടേഴ്സ് ആണ് പ്രവൃത്തി നടത്തിയത്. അസി.എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ, ആലപ്പുഴ മെഷർമെന്റ് എടുക്കുകയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്യുകയും ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം 127105/- രൂപയാണ്. പദ്ധതി നിർവഹണത്തിലെ അപാകതയുടെ വിവരം ചുവടെ ചേർക്കുന്നു.

1. കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് (2.5% below estimate rate) പ്രകാരം, ടെണ്ടർ ഡിഡക്ഷൻ കുറവ് വരുത്തിയ ശേഷമുള്ള 123927/-രൂപയാണ് പ്രവൃത്തിയ്ക്കായി ആകെ ചെലവഴിക്കാവുന്നത്. (127105-3178) എന്നാലിതിനു പകരം ടെണ്ടർ കുറവ് വരുത്താതെ ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും നികുതികൾ കുറവു വരുത്തിയ ശേഷമുള്ള 120750/-രൂപ (ചെക്ക് നം.2777041/2.2.15) കരാറുകാരന് നൽകി. അധികമായി ചെലവ് ചെയ്ത 3178/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
2. ഫൈനൽ ബില്ലിൽ നിന്നും വാറ്റ് -3% ആണ് കുറവ് ചെയ്തത്. കരാറുകാരൻ കോമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നിട്ടും വാറ്റ്-14.5% കുറവ് ചെയ്തില്ല.
3. കുറവ് ചെയ്ത നികുതികൾ ഒടുക്കിയതിന്റെ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) .ബ്ലോക്ക് ഓഫീസ് പുനർവൈദ്യുതീകരണം.(പ്രോജക്ട് നം.46/15).

കരാറുകാരൻ -ശ്രീ.ഗോപാലകൃഷ്ണൻ നായർ, പവർ ഓൺ ഇലക്ട്രിക്കൽ ഡിസൈനേഴ്സ് & കോൺട്രാക്ടേഴ്സ്, രാമപുരം.

എം ബുക്ക് നം-2/14-15, പേജ് നം-1-23.

പ്രവർത്തിയുടെ മൂല്യം- 239686/-

നവീകരിച്ച ഓഫീസ് കെട്ടിടത്തിന്റെ വൈദ്യുതീകരണം ആണ് ഈ പദ്ധതിയിൽ ചെയ്തത്. പദ്ധതിക്കായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി.ഇലക്ട്രിക്കൽ ഡിവിഷൻ തയ്യാറാക്കി നൽകിയത് 3,10,000/- രൂപയുടെ എസ്റ്റിമേറ്റാണ്. 10.12.14ൽ ടെന്റർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുക (4.5% below estimate rate) ക്വാട്ട് ചെയ്ത ശ്രീ.ഗോപാലകൃഷ്ണൻ നായർ, പവർ ഓൺ ഇലക്ട്രിക്കൽ ഡിസൈനേഴ്സ് & കോൺട്രാക്ടേഴ്സ് ആണ് പ്രവൃത്തി നടത്തിയത്. അസിസ്റ്റന്റ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി.ഇലക്ട്രിക്കൽ ഡിവിഷൻ, ആലപ്പുഴ മെഷർമെന്റ് എടുക്കുകയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്യുകയും ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം 239686/- രൂപയാണ്. പദ്ധതി നിർവഹണത്തിലെ അപാകതയുടെ വിവരം ചുവടെചേർക്കുന്നു.

1.കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് (4.5% below estimate rate) പ്രകാരം, ടെണ്ടർ ഡിഡക്ഷൻ കുറവ് വരുത്തിയ ശേഷമുള്ള 228900/-രൂപയാണ് (239686-10786) പ്രവൃത്തിയ്ക്കായി ആകെ ചെലവഴിക്കാവുന്നത്. എന്നാലിതിനു പകരം ടെണ്ടർ കുറവ് വരുത്താതെ ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും നികുതികൾ കുറവു വരുത്തിയ ശേഷമുള്ള 227701/-രൂപ (ബിൽ നം.12/14-15 തീയതി 25.2.15) കരാറുകാരന് നൽകി. അധികമായി ചെലവ് ചെയ്ത 10786/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2.ഫൈനൽ ബില്ലിൽ നിന്നും വാറ്റ് -3% ആണ് കുറവ് ചെയ്തത്. കരാറുകാരൻ കോമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നിട്ടും വാറ്റ്-14.5% കുറവ് ചെയ്തില്ല.

ക്രമ നമ്പർ 1,2 പദ്ധതികളിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ -3നുള്ള മറുപടിയിൽ കരാറുകാരനിൽ നിന്നും തുക തിരികെ ഈടാക്കുന്നതാണെന്നും കരാറുകാരന് കോമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റ് ഉള്ളതാണെന്നും ആയത് ഹാജരാക്കുന്നതാണെന്നും അറിയിച്ചു.

## 3-6 ബ്ലോക്ക് ഓഫീസ് ചുറ്റുമതിൽ ഉയർത്തലും, മറ്റ് നവീകരണ പ്രവർത്തനങ്ങളും- കരാറുകാരന് അധിക തുക നൽകി

പ്രോജക്റ്റ് നം. - 18/15

കരാറുകാരൻ - ജി.സോമരാജൻ.

ബിൽ നം. 15/14-15/31.3.15- 477160/-

1/15-16/16.9.15 –143925/-

അളവ് പുസ്തകം - 10/14-15

പ്രവൃത്തി മൂല്യം - 936893/-

ബ്ലോക്ക് ഓഫീസിന്റെ ചുറ്റുമതിൽ ഉയർത്തുന്നതിനും, മറ്റ് നവീകരണ പ്രവർത്തനങ്ങൾക്കുമായുള്ള പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് ഡി.എസ്.ആർ 2013 (കോസ്റ്റ് ഇൻഡക്സ്- 1.38) പ്രകാരമാണ്.

പ്രവൃത്തിയുടെ എം.ബുക്ക് പ്രകാരം അപ്പൻഡിക്സ്- സി എക്സ്ട്രാ ഇനം 2ആയി ചെയ്തിട്ടുള്ള പ്രവൃത്തി 77.90 ച.മീ പ്രതലത്തിൽ 60 mm ഇന്റർലോക്കിംഗ് പേവർ ബ്ലോക്സ് നിരത്തുക എന്നതാണ്. ടി ഇനത്തിന് 839.32/1ച.മീ നിരക്കിൽ പ്രകാരം 65383/-രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഡി.എസ്.ആർ 2013 പ്രകാരം പ്രസ്തുത ഇനത്തിന് കരാറുകാരന് അനുവദനീയമായ നിരക്ക് (ഡേറ്റ-16.68) 769.28/ച.മീറ്ററാണ് (557.45 x 1.38) ഇതു പ്രകാരം കരാറുകാരന് നൽകാവുന്ന തുകയുടെ വിവരം താഴെ ചേർക്കുന്നു.

77.90 x 769.28/ച.മീ = 59927

= 5456/- (65383-59927)

കുറയ്ക്കുക 0.6%(ടെണ്ടർ കുറവ്) = 33/-

അധികം നൽകിയത് = 5423/- രൂപ

കരാറുകാരന് അധികമായി നൽകിയ 5423/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/28.02.2017) നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ മറുപടിയിൽ ഡേറ്റ

തയ്യാറാക്കിയതിൽ സംഭവിച്ച പിശകാണെന്നും തുക തിരികെ അടയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-7 മുരിങ്ങച്ചിറ-കണ്ണാട്ടുമുക്ക റോഡ് പുനരുദ്ധാരണം- ആദായ നികുതി ഈടാക്കിയതിൽ കുറവ്

പ്രോജക്ട് നം. - 72/16

കരാറുകാരൻ - ഗുരുദേവ കൺസ്ട്രക്ഷൻസ് കമ്പനി

ബിൽ നം. 24/15-16/29.3.16- 524593/-

അളവ് പുസ്തകം - 21/15-16

പ്രവൃത്തി മൂല്യം - 524593/-

1961ലെ ആദായ നികുതി നിയമം 194 സി സെക്ഷൻ പ്രകാരം കരാർ വെച്ച് പ്രവർത്തികൾ ഏറ്റെടുത്തിട്ടുള്ള വ്യക്തികളിൽ നിന്നും 1% നിരക്കിലും മറ്റുള്ളവരിൽ നിന്നും 2% നിരക്കിലും ആദായ നികുതി ഈടാക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ മുരിങ്ങച്ചിറ-കണ്ണാട്ടുമുക്ക റോഡ് പുനരുദ്ധാരണം എന്ന പദ്ധതി കരാർ ഏറ്റെടുത്ത് നടപ്പാക്കിയത് ഗുരുദേവ കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനമാണ്. ആയതിനാൽ പ്രസ്തുത പ്രവൃത്തിയിൽ 2% നിരക്കിൽ ആദായ നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ ബിൽ തയ്യാറാക്കിയപ്പോൾ ടി നിബന്ധന പാലിക്കാതെ 1% നിരക്കിലാണ് ആദായ നികുതി ഈടാക്കിയത്. ഇത് മൂലം കരാറുകാരന് 5246/- രൂപ അധികം നൽകി.

പ്രവൃത്തി മൂല്യം - 524593/-

ആദായ നികുതി ഈടാക്കേണ്ടത് (2%) - 10492/- രൂപ

ഈടാക്കിയത് (1%) - 5246/-

ഈടാക്കിയതിൽ കുറവ് - 5246/- രൂപ

കരാറുകാരന് അധികമായി നൽകിയ 5246/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക തിരികെ ഈടാക്കി ആദായ നികുതി ഇനത്തിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-8 ഇടവിള കൃഷി വികസനം - അധിക തുക നൽകി - ചെലവ് നിരാകരിക്കുന്നു

മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതി വഴി 2014-15, 15-16 വർഷങ്ങളിൽ നടപ്പാക്കിയ ഇടവിളകൃഷി വികസന പദ്ധതിയുടെ നിർവ്വഹണത്തിൽ വന്ന അപാകങ്ങൾ താഴെ ചേർക്കുന്നു

ഗ്രൂപ്പുകൾ വഴിയുള്ള ഇടവിള കൃഷി വികസന പദ്ധതിക്കായി (പൊതുവിഭാഗം) 546592രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കുകയും (നം. 8/14-15) 76 ഗ്രൂപ്പുകൾക്ക് 75കി.ഗ്രാം ചേന, 50കി.ഗ്രാം ചേമ്പ്, 25കി.ഗ്രാം ഇഞ്ചി, 5കി.ഗ്രാം മഞ്ഞൾ എന്നിവ അടങ്ങുന്ന ഒരോ കിറ്റ് വീതം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, അമ്പലപ്പുഴ ശാഖയിൽ നിന്ന് വാങ്ങി വിതരണം ചെയ്യുകയും ചെയ്തു. ഒരു കിറ്റിന് 7092 ക്രമത്തിൽ 76 കിറ്റിന് 538992 രൂപയുടെ Amb334/14-15 നമ്പർ ബിൽ19/3/15 ൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലഭ്യമാക്കി. ഈ തുകയുടെ 75ശതമാനമായ 404244 രൂപ വികസന ഫണ്ടിൽ നിന്നും ബാക്കി 134748രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കിയുമാണ് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകേണ്ടിയിരുന്നത്. എന്നാൽ ട്രഷറി ബിൽ നം. 1/14-15തീയതി 26/3/15 പ്രകാരം 409944 രൂപ വികസന ഫണ്ടിൽ നിന്നും TSB ചെക്ക് നം 4623147 തീയതി 7/8/15 പ്രകാരം 136648 തനത് ഫണ്ടിൽ നിന്നും (ഗുണഭോക്തൃ വിഹിതം)പിൻവലിച്ച് പ്രസ്തുത സ്ഥാപനത്തിന് നൽകി. ICICI ബാങ്ക് കായംകുളം ശാഖയിലെ എ.ഡി.എ യുടെ 152705000234 അക്കൗണ്ടിലെ ചെക്ക് നം 9878തീയതി 16/4/15, 9914 തീയതി 26/9/15 എന്നിവവഴിയാണ് തുക നൽകിയത്. ഇപ്രകാരം 546592രൂപ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകി. 7600 രൂപ അധികമായാണ് നൽകിയത്. മേൽപ്പറഞ്ഞ പ്രകാരം വികസന ഫണ്ടിൽ നിന്നും 5700 രൂപയും തനത് ഫണ്ടിൽ നിന്ന് 1900 രൂപയും അധികം നൽകി. ഈ

തുക നിർവ്വഹണ ഉദ്യോഗസ്ഥയായ എ.ഡി.എ യിൽ നിന്ന് തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ തിരികെ അടക്കേണ്ടതാണ്.

## 3-9 പൊതു ആവശ്യ ഗ്രാന്റ് - പണം കൈകാര്യം ചെയ്യുന്നതിൽ ചട്ടങ്ങൾ പാലിക്കുന്നില്ല

മുതുകളം ബ്ലോക്ക് പഞ്ചായത്ത് പൊതു ആവശ്യ ഗ്രാന്റിൽ നിന്ന് ചെലവുകൾ നടത്തുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും താഴെപ്പറയുന്ന അപാകങ്ങൾ സംഭവിച്ചു.

ക) സർക്കാർ ഉത്തരവ് അനുസരിച്ച് (സ.ഉ.(അ)177/2006 ധന തീയതി 12/4/06, ഖണ്ഡിക 8) ഏതെങ്കിലും വ്യക്തിക്കോ സ്ഥാപനത്തിനോ സപ്ലയർക്കോ കോൺട്രാക്ടർക്കോ 1000 രൂപയിൽ കൂടിയ ഒരു തുകയും പണമായി നൽകാൻ പാടില്ല. നോൺബാങ്കിംഗ് ട്രഷറിയിൽ നിന്നാണ് പണം പിൻവലിക്കുന്നതെങ്കിൽ അത് ഈ പ്രത്യേക ആവശ്യത്തിന് തുറന്ന ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് തുക ഡി.ഡി ആയി മാത്രമേ നൽകാവൂ. എന്നാൽ ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ ചെലവുകളും പണമായാണ് നടത്തുന്നത്. സെൽഫ് ചെക്ക് വഴി പണം പിൻവലിക്കുകയും വിവിധ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവക്ക് പണമായി വിതരണം ചെയ്യുകയും ചെയ്യുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

ചെക്ക് നം 2777063, വൗച്ചർ നം. 1/5-2015, തീയതി 22/5/15 തുക 80129.

ഈ തുക 13 പേർക്ക് പണമായി വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ തന്നെ താഴെപ്പറയുന്ന ചെലവുകൾ 1000 രൂപയിൽ കൂടുതലാണ്. കൂടാതെ വലയത്തിൽ ചേർത്തിരിക്കുന്ന അപാകവും സംഭവിച്ചു.

| ചെലവിനം | തുക | കൈപ്പറ്റിയത് |
|---|---|---|
| ബജറ്റ് അവതരണം- ഭക്ഷണ ചെലവ് | 12500 | ലേക്ക് പാലസ് റസ്റ്റോറന്റ് (എത്ര ഊണ് വാങ്ങി, റേറ്റ് എത്ര തുടങ്ങിയ വിവരങ്ങൾ ബില്ലിൽ ഇല്ല) |
| ഫോട്ടോ കോപ്പിയർ മെയിന്റനൻസ് | 10850 | K.M. ടെക്നോളജീസ്, (ക്വട്ടേഷൻ, ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് എന്നിവയില്ലാതെ പ്രവൃത്തി ചെയ്തു ) |
| ഭക്ഷണ ചെലവ് | 5863 | വനിത ക്യാന്റീൻ |
| ഭക്ഷണ ചെലവ് | 3490 | വനിത ക്യാന്റീൻ |

ചെക്ക് നം 2777056, വൗച്ചർ നം. 56/3-2015 , തീയതി 31/3/15 തുക 50040.

ഈ ചെക്ക് പ്രകാരം പിൻവലിച്ച തുകയിൽ ഹരിശ്രീ ഡിസൈനേഴ്സ് ന് ബജറ്റ് പ്രിന്റിംഗ് ചാർജ്ജ് ഇനത്തിൽ 6140രൂപ, ഓഫീസ് ഷിഫ്റ്റിംഗ് ഇനത്തിൽ അമ്പിളി കുമാർ എന്ന വ്യക്തിക്ക് 25000 രൂപ (ക്വട്ടേഷൻ ക്ഷണിക്കാതെ) എന്നിവ നൽകിയതും പണമായാണ്.

ഖ) കരാർ വച്ച് നിർവ്വഹിച്ച ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിലെ കമ്പ്യൂട്ടർ നെറ്റ് വർക്ക് കേബിൾ & കേബിളിംഗ് പ്രവൃത്തിക്ക് കേരള വാറ്റ് ആക്ട് സെക്ഷൻ 10പ്രകാരം വാറ്റ് ഈടാക്കിയിട്ടില്ല. ഈയിനത്തിൽ ടെലിടെക് സിസ്റ്റം എന്ന സ്ഥാപനത്തിന് 18900 രൂപ നൽകി. (ചെക്ക് നം 2777056, വൗച്ചർ നം. 56/3-2015, തീയതി 31/3/15ആകെ തുക 50040., ഡി.ഡി. നം 575803 തീയതി 4/4/2015). ഈയിനത്തിൽ സംസ്ഥാന സർക്കാരിന് 676 രൂപ നഷ്ടമായി. ഈ തുക പണം അനുവദിച്ച സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

ഗ) ക്യാഷ്ബുക്ക് കൃത്യമല്ല. വിവിധ ചെലവുകൾക്കായി തുക ട്രഷറിയിൽ നിന്ന് പിൻവലിക്കുന്ന തീയതിയിൽ തന്നെ അതിന്റെ വരവും ചെലവും (ഡബിറ്റും ക്രഡിറ്റും) ക്യാഷ്ബുക്കിൽ കാണിക്കുന്നു. എന്നാൽ യഥാർത്ഥ ചെലവ് ദിവസങ്ങൾക്ക് ശേഷമാണ് ഉണ്ടാകുന്നത്.

ഉദാ. ചെക്ക് നം 2777063, വൗച്ചർ നം. 1/5-2015, തീയതി 22/5/15 പ്രകാരം പിൻ വലിച്ച തുക 80129 രൂപ അന്ന് തന്നെ ചെലവഴിച്ചതായി ക്യാഷ്ബുക്കിൽ കാണുന്നു. എന്നാൽ യഥാർത്ഥ ചെലവ് വന്നത് 23/5/15 മുതൽ 26/5/15 വരെയാണ്. ഇതിൽ തന്നെ പ്രസിഡന്റിന് അനുവദിച്ച യാത്രബത്ത 23484 രൂപ പ്രസിഡന്റ് കൈപ്പറ്റാതിരുന്നതിനെ തുടർന്ന് 26/5/15 ൽ ട്രഷറിയിൽ തിരിച്ചടച്ചെങ്കിലും (പാസ്ബുക്ക് പ്രകാരം) 9/6/2015 ൽ തിരിച്ചടച്ചതായാണ് ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയത്. 21/5/2015ൽ വരവ് വന്ന 3000 രൂപ (വാടക) തൊട്ടടുത്തദിവസം തനത് ഫണ്ട് അക്കൗണ്ടിൽ അടച്ചെങ്കിലും മാസങ്ങളോളം ക്യാഷ്ബുക്കിൽ ഈ വിവരം രേഖപ്പെടുത്തപ്പെട്ടില്ല.

ഘ) 5000 രൂപക്ക് മുകളിൽ പണം കൈപ്പറ്റുമ്പോൾ കൈപ്പറ്റ് രസീതിൽ റവന്യൂ സ്റ്റാമ്പ് പതിക്കേണ്ടതാണ്. എന്നാൽ മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ വാഹനം 2015 ഏപ്രിലിൽ ഓടിച്ച വകയിൽ ഡ്രൈവർ ശ്രീ മനേഷ് 23/5/15 ൽ കൈപ്പറ്റിയ 12150 രൂപയുടെ കൈപ്പറ്റ് രസീതിൽ റവന്യൂ സ്റ്റാമ്പ് പതിച്ചിട്ടില്ല.

ങ) ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവയിൽ ഉൾപ്പെടാത്ത ചെലവുകളും ഉണ്ടാകുന്നു. ഉദാ. കമ്മറ്റി അംഗത്തിന് ചികിത്സാ ധനസഹായം -അഞ്ച് ലക്ഷം രൂപ. കേരള പഞ്ചായത്ത് രാജ് നിയമം 1994 വകുപ്പ് 214 പ്രകാരം ബജറ്റ് നിർദ്ദേശങ്ങൾ വിശദമായതായിരിക്കണം എന്നാൽ റിവൈസ്ഡ് ബജറ്റിൽ പോലും പദ്ധതികൾ തിരിച്ച് ചെലവ് പ്രതിപാദിക്കുന്നില്ല.

## 3-10 വാഹന ഉപയോഗം, ലോഗ് ബുക്ക് രേഖപ്പെടുത്തൽ, ഇന്ധനം നിറച്ചത് എന്നിവ സംബന്ധിച്ച അപാകതകൾ

1.KL 29F 184 കാർ

പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനമായ KL 29F 184 കാറിന്റെ ലോഗ് ബുക്ക് ശരിയായി പരിപാലിക്കുന്നില്ല. ടി ലോഗ് ബുക്കിൽ നാളിതുവരെ ഇന്ധനം അടിച്ചതായി രേഖപ്പെടുത്തുകയോ ഇന്ധന ഉപയോഗം സംബന്ധിച്ച് മാസാന്ത്യം സ്റ്റേറ്റ്മെന്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. പല ദിവസങ്ങളിലും യഥാർത്ഥ ദൂരത്തേക്കാൾ അധികമായി ദൂരം രേഖപ്പെടുത്തി യിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു

| തീയതി | ഔദ്യോഗിക ആവശ്യത്തിന് പോയി വന്ന സ്ഥലം | ലോഗ് ബുക്കിൽ രേഖപ്പെടുത്തിയ ദൂരം (KM) |
|---|---|---|
| 17/03/15 | സെക്രട്ടറിയേറ്റ്, തിരുവനന്തപുരം | 320 K.M (KL29F 184) |

ലോഗ് ബുക്കിൽ പല ദിവസങ്ങളിലും കൂടുതൽ ദൂരം രേഖപ്പെടുത്തിയതിനാൽ കൂടുതൽ ഇന്ധനം ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. റിപ്പയർ രജിസ്റ്റർ, ഡീസൽ, ഓയിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

2.KL 29H 6646 സൈലോ കാർ

(i)ലോഗ് ബുക്കിൽ യഥാർത്ഥ ദൂരത്തേക്കാൾ അധികമായി ദൂരം രേഖപ്പെടുത്തി

സെക്രട്ടറിയുടെ ഔദ്യോഗിക വാഹനമായ KL 29H 6646 സൈലോ കാറിന്റെ ലോഗ് ബുക്ക് ശരിയായി പരിപാലിക്കുന്നില്ല. ലോഗ് ബുക്കിൽ പല ദിവസങ്ങളിലും യഥാർത്ഥ ദൂരത്തേക്കാൾ അധികമായി ദൂരം രേഖപ്പെടുത്തിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| തീയതി | ഔദ്യോഗിക ആവശ്യത്തിന് പോയ സ്ഥലം | ലോഗ് ബുക്കിൽ രേഖപ്പെടുത്തിയ ദൂരം (KM) |
|---|---|---|
| 26/02/15 | സെക്രട്ടറിയേറ്റ്, തിരുവനന്തപുരം | 252K.M |
| 2/4/16 | ഡി.ആർ.ഡി.എ ആലപ്പുഴ | 130 K.M |
| 5/4/16 | കളക്ടേറ്റ്, ആലപ്പുഴ | 110 K.M |
| 9/4/16 | ആലപ്പുഴ | 101 K.M |

മേൽപ്പറഞ്ഞ രണ്ടു വാഹനങ്ങളും ജി.ഒ (എം.എസ്) 170/07 ത.സ്വ.ഭ.വ 30.06.2007 നമ്പർ ഉത്തരവിൽ

നിർദ്ദേശിക്കുംപ്രകാരം മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് ആറുമാസത്തിലൊരിക്കൽ ഫുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുകയോ ഇന്ധന ക്ഷമത സംബന്ധിച്ച് സാക്ഷ്യപത്രം ലോഗ് ബുക്കിൽ പതിക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5) ലോഗ് ബുക്ക് ശരിയായി പരിപാലിക്കുന്നതാണെന്നും അപാകതകൾ പരിഹരിക്കുന്നതാണെന്നും മറുപടി ലഭിച്ചു. അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്

(ii)ലോഗ് ബുക്കിൽ ടാങ്ക് കപ്പാസിറ്റിയേക്കാൾ ഡീസൽ ബാലൻസ് രേഖപ്പെടുത്തി.

ചില ദിവസങ്ങളിൽ ടാങ്ക് കപ്പാസിറ്റിയേക്കാൾ ഡീസൽ ബാലൻസ് ഉള്ളതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| 31.8.15ൽ ബാലൻസ് ഡീസൽ (ലിറ്റർ) | ശേഷം ഓടിയ കി.മീ. (ഉപയോഗിച്ച ഡീസൽ) | ടാങ്കിൽ ബാക്കിയുള്ള ഡീസൽ (1)-(2) (ലിറ്റർ) | 4/9/15 ൽ അടിച്ച ഡീസൽ (ലിറ്റർ) | ലോഗ് ബുക്ക് പ്രകാരം 4/9/15 ൽ മിച്ചമുള്ള ഡീസൽ (ലിറ്റർ) | ടാങ്കിന്റെ യഥാർത്ഥ കപ്പാസിറ്റി (ലിറ്റർ) | കപ്പാസിറ്റിയേക്കാൾ അധികമായുള്ള ഇന്ധനം (ലിറ്റർ) |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 53.8 | 238KM (18.3 കി.മീ./ ലിറ്റർ) | 40.8 | 50 | 90.8 | 55 | 35.8 |

ഈ അപാകത നിലവിൽ തുടർന്നു പോരുന്നു. 31/05/16 ൽ ലോഗ് ബുക്ക് പ്രകാരം ടാങ്കിൽ മിച്ചമുള്ള ഡീസൽ 64.55 ലിറ്ററും യഥാർത്ഥ കപ്പാസിറ്റി 55 ലിറ്ററുമാണെന്നിരിക്കെ ലോഗ് ബുക്കും യഥാർത്ഥ ഉപയോഗവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5) അപാകത പരിഹരിക്കാൻ ജി.ഇ.ഒയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. ഓഡിറ്റ് കാലയളവിൽ ടാങ്ക് കപ്പാസിറ്റിയേക്കാൾ അധികമായി അടിച്ച 35.8 ലിറ്റർ ഡീസലിന്റെ വിലയായ 1745/- രൂപ (48.73/ലിറ്റർ) ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 3-11 നൽകിയ മുഴുവൻ തുകക്കുമുള്ള മരുന്നുകൾ ലഭിച്ചില്ല.

പ്രോജക്ട് നം./16 -സി.എച്ച്.സി ക്ക് മരുന്നു വാങ്ങൽ

മരുന്ന് വാങ്ങുന്നതിനായി 2,38,084/- രൂപ (ബിൽ നം.6/15-16,7/15-16 തീയതി 18.3.16) പിൻവലിച്ച് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ വിവിധ തീയതികളിലായി 204630/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. തുക നൽകി, ഒരു വർഷം ആകുമ്പോഴും മരുന്നുകൾ പൂർണ്ണമായും കിട്ടാത്ത സാഹചര്യത്തിൽ ആയത് ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/27.2.17)മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് മെഡിക്കൽ സർവീസസ് കോർപ്പറേഷന് കത്ത് നൽകി എന്നറിയിച്ചു. പണം നൽകി ഒരു വർഷം കഴിഞ്ഞിട്ടും മരുന്നു ലഭ്യമാക്കാത്തതിനാൽ, ലഭിക്കാത്ത മരുന്നിന്റെ വില 33454രൂപ [238084-204630] ഓഡിറ്റിൽ അനുവദിക്കുന്നില്ല. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-12 ക്ഷീരസംഗമം - ചെലവു രേഖകൾ സൂക്ഷിച്ചിട്ടില്ല

2014-15 വർഷം 03/15ലെ തനതുഫണ്ട് വൗച്ചർ പ്രകാരം (വൗച്ചർ നം.51/2014-15) ക്ഷീരസംഗമം നടത്തിപ്പിനായി 10000/- രൂപയും (ചെക്ക് നം. 2777051 തീയതി. 5.03.2015) 2015-16 വർഷം 02/16ലെ തനതു ഫണ്ട് വൗച്ചർ പ്രകാരം ക്ഷീരസംഗമം നടത്തിപ്പിനായി 10000/- രൂപയും(ചെക്ക് നം. 978080 തീയതി. 10.02.2016) ക്ഷീര വികസന ഓഫീസർക്ക് കൈമാറിയിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച ചെലവുരേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2014-15, 2015-16 വർഷങ്ങളിൽ ഈയിനത്തിൽ ആകെ ചെലവഴിച്ച 20000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5) ക്ഷീര വികസന ഓഫീസറിൽ നിന്ന് വൗച്ചറുകൾ വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. അപാകത പരിഹരിച്ച് രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-13 ഐ.എ.വൈ.പദ്ധതി-ഗ്രാമ - ജില്ലാ പഞ്ചായത്ത് വിഹിതം- ധനവിനിയോഗ നിർദ്ദേശങ്ങൾ പാലിയ്ക്കപ്പെടുന്നില്ല.

ഐ.എ.വൈ.പദ്ധതിയിൽ 2014-15, 2015-16 വർഷങ്ങളിൽ ഗ്രാമ - ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

1. 2014-15 വർഷം

| ക്രമ നം. | പഞ്ചായത്തിന്റെ പേര്. | ടാർജറ്റ്. | | ലഭിയ്ക്കേണ്ടത്. | | ലഭിച്ചത്. | |
|---|---|---|---|---|---|---|---|
| | | ജനറൽ | എസ്.സി. | ജനറൽ | എസ്.സി | ജനറൽ | എസ്.സി. |
| 1. | ആറാട്ടുപുഴ. | 34 | 7 | 680000 | 140000 | 900000 | 580000 |
| 2. | ചേപ്പാട്. | 15 | 13 | 300000 | 260000 | 280000 | 280000 |
| 3. | ചിങ്ങോലി. | 15 | 9 | 300000 | 180000 | 360000 | 180000 |
| 4. | ദേവികുളങ്ങര. | 35 | 10 | 700000 | 200000 | 900000 | 480000 |
| 5. | കണ്ടല്ലൂർ | 22 | 8 | 440000 | 160000 | 500000 | 200000 |
| 6. | കൃഷ്ണപുരം | 36 | 15 | 720000 | 300000 | 920000 | 400000 |
| 7 | മുതുകുളം | 32 | 4 | 640000 | 80000 | 507500 | 180000 |
| 8 | പത്തിയൂർ | 22 | 24 | 440000 | 480000 | 839066 | 814500 |
| | ആകെ. | 211 | 90 | 4220000 | 1800000 | 5206566 | 3114500 |

2..2015-16 വർഷം.

| ക്രമ നം. | പഞ്ചായത്തിന്റെ പേര്. | ടാർജറ്റ്. | | ലഭിയ്ക്കേണ്ടത്. | | ലഭിച്ചത്. | |
|---|---|---|---|---|---|---|---|
| | | ജനറൽ | എസ്.സി. | ജനറൽ | എസ്.സി | ജനറൽ | എസ്.സി. |
| 1. | ആറാട്ടുപുഴ. | 26 | 17 | 520000 | 340000 | 620000 | 950000 |
| 2. | ചേപ്പാട്. | 13 | 17 | 260000 | 340000 | 620000 | 690000 |
| 3. | ചിങ്ങോലി. | 22 | 14 | 440000 | 280000 | 360000 | 760000 |
| 4. | ദേവികുളങ്ങര. | 28 | 30 | 560000 | 600000 | 600000 | 1947091 |
| 5. | കണ്ടല്ലൂർ | 19 | 15 | 380000 | 300000 | 580000 | 200000 |
| 6. | കൃഷണപുരം | 40 | 19 | 800000 | 380000 | 800000 | 1900000 |
| 7 | മുതുകുളം | 21 | 17 | 420000 | 340000 | 973400 | 3190000 |
| 8 | പത്തിയൂർ | 23 | 51 | 460000 | 1020000 | 680000 | 3308619 |
| | ആകെ. | 192 | 180 | 3840000 | 3600000 | 5233400 | 12945710 |

മേൽ വിവരിച്ചതിൽ നിന്നും ചില പഞ്ചായത്തുകൾ പദ്ധതിയ്ക്കായി അധികം തുക നൽകുമ്പോൾ മറ്റുള്ളവ ടാർജറ്റ് പ്രകാരം ആവശ്യമായ തുക നൽകുന്നില്ല. 2014-15വർഷം ജനറൽ, എസ്.സി വിഭാഗത്തിൽ ആകെ ലഭിക്കേണ്ട ജില്ലാ പഞ്ചായത്ത് വിഹിതം 8428000/-രൂപയാണ്.തൻവർഷം 10775335/- രൂപ ലഭിച്ചു.2015-16 വർഷവും

8036000/-രൂപ ലഭിക്കേണ്ടിടത്ത് 12096000/- രൂപ ലഭിച്ചിട്ടുണ്ട്.

സാമ്പത്തിക വർഷം അവസാനിയ്ക്കുന്നത് വരെ ചെലവഴിയ്ക്കാൻ കഴിയാത്ത തുക ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന് തിരികെ നൽകണമെന്നും ആവശ്യത്തിന് തുക നൽകാത്തവരിൽ നിന്നും വരും വർഷം ആയത് ക്രമപ്പെടുത്തണം എന്നുമാണ് ധനവിനിയോഗത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്.(ജി.ഒ.പി.177/2006/Fin 12.4.2006) എന്നാൽ ഐ.എ.വൈ പദ്ധതി നിർവഹണത്തിൽ ഇത് പാലിയ്ക്കപ്പെടുന്നില്ല. പദ്ധതിനിർവഹണത്തിൽ ധനവിനിയോഗ നിർദ്ദേശങ്ങൾ പാലിയ്ക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-14 ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.-തുക തിരികെ ഈടാക്കേണ്ടതാണ്.

ഐ.എ.വൈ രജിസ്റ്റർ പരിശോധിച്ചതിൽ 2012-13 മുതൽ 2015-16 വരെ ആനുകൂല്യം കൈപ്പറ്റിയ 1625പേരിൽ 75പേർ നാളിതു വരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഇതിൽ 29 പേർ ഒന്നാംഗഡു മാത്രം കൈപ്പറ്റിയവരാണ്.

നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| വർഷം. | എഗ്രിമെന്റ് വെച്ചത്. | പൂർത്തീകരിയ്ക്കാത്തത്. |
|---|---|---|
| 2012-13. | 610 | 14 |
| 2013-14. | 350 | 24 |
| 2014-15. | 293 | 20 |
| 2015-16. | 372 | 81 |
| ആകെ. | 1625 | 139 |

ഇതിൽ അറുപത് പേരിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനായി ആർ.ആർ നടപടി ആരംഭിച്ചിട്ടുണ്ടെന്നാണ് അറിയിച്ചത്. ബാക്കിയുള്ള ഗുണഭോക്താക്കളിൽ നിർമ്മാണം പൂർത്തിയാക്കാൻ സന്നദ്ധരായവർക്ക് തുക നൽകുന്നതിനും അല്ലാത്തവരിൽ നിന്നും നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-15 താൽക്കാലിക ജീവനക്കാരിക്ക് വേതനകുടിശ്ശിക അധികമായി നൽകി

സ.ഉ.നം.74/14 ധന.തീ.20/02/2014 പ്രകാരം താൽക്കാലിക ജീവനക്കാരുടെ വേതനം മുൻകാല പ്രാബല്യത്തോടെ 3500/-രൂപയിൽ നിന്നും 4000/-രൂപയായി വർദ്ധിപ്പിച്ചതിനാൽ ദിവസ വേതനാടിസ്ഥാനത്തിൽ കാഷ്വൽ സ്വീപ്പറായി നിയമിതയായ ശ്രീമതി. ദേവകിയ്ക്ക് 04/14 മുതൽ 11/14 വരെയുള്ള വേതന കുടിശ്ശികയായി 4500/- (500X9) രൂപ നൽകി (ചെക്ക് നം.2777037 തീ.01/01/2015 ക്രമ നം.7). 8 മാസത്തെ കുടിശ്ശികയ്ക്ക് മാത്രം അർഹതയുണ്ടായിരിക്കെ 500/- രൂപ അധികം നൽകിയതിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5) അധികം നൽകിയ തുക തിരിച്ചടയ്ക്കാമെന്ന് മറുപടി ലഭിച്ചു. അധികമായി ചെലവഴിച്ച തുക തിരികെ ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-16 ബിൽ, രസീത് ഇവയില്ലാതെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് ടെലഫോൺ അലവൻസ് അനുവദിച്ചു

സ.ഉ.(എം.എസ്)നം.201/2006/ത.സ്വ.ഭ.വ തീ.19.08.2006 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് പ്രതിമാസം പരമാവധി 500/-രൂപ ടെലഫോൺ അലവൻസ് ടെലഫോൺ ബില്ലുകൾ/രസീതുകൾ സമർപ്പിക്കുന്ന മുറയ്ക്ക് റീഇംബേഴ്സ് ചെയ്യാമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ 2014-15, 2015-16 കാലയളവിൽ ടെലഫോൺ ബില്ലോ പണമടച്ച രസീതോ കൂടാതെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് പ്രതിമാസം 500/- രൂപ നിരക്കിൽ ഓണറേറിയത്തോടൊപ്പം ടെലഫോൺ അലവൻസ് അനുവദിച്ചിട്ടുണ്ട്. ഈയിനത്തിൽ മുൻ പ്രസിഡന്റായ

ശ്രീമതി.ബബിതയ്ക്ക് 04/2014 മുതൽ 11/2015 വരെ 20 മാസത്തെ 10000/-(500x20) രൂപയും നിലവിലെ പ്രസിഡന്റായ ശ്രീ.ബിബിൻ സി.ബാബുവിന് 02/2016 മുതൽ 03/2016 വരെ 2 മാസത്തെ 1000/- (500x2)രൂപയും നൽകിയിട്ടുണ്ട്. ടി കാലയളവിലെ ബിൽ, പണമടച്ച രസീതുകൾ എന്നിവ ഓഡിറ്റ് വേളയിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12) ഭാവിയിൽ ഇത്തരം അപാകത ഉണ്ടാവാതെ ശ്രദ്ധിക്കാമെന്ന മറുപടി അംഗീകരിക്കാനാവില്ല. ടി ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക കൈപ്പറ്റിയ വ്യക്തികളിൽ നിന്നും തിരികെ ഈടാക്കാത്തപക്ഷം ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-17 വിഭിന്ന ശേഷിയുള്ളവർക്ക് മുച്ചക്രവാഹനം -രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല

വിഭിന്ന ശേഷിയുള്ളവർക്ക് മുച്ചക്രവാഹനം വിതരണം ചെയ്യാനായി തയ്യാറാക്കിയ 24/2015നമ്പർ പദ്ധതി വഴി (അടങ്കൽ 1883200) 32 ഗുണഭോക്താക്കൾക്ക് 58850രൂപ ക്രമത്തിൽ മേര മൊബിക്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്ന് 4 സ്ട്രോക്ക്, 125 സി.സി മഹീന്ദ്ര ഫ്ലൈറ്റ് സ്കൂട്ടർ വാങ്ങി വിതരണം ചെയ്തു. ആകെ 1883200രൂപ ചെലവായി. (ബിൽ നം. 2/14-15, തീയതി 27/3/2015). പ്രസ്തുത പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകം സംഭവിച്ചു.

ക) മുച്ചക്രവാഹനം നൽകിയവർ ലൈസൻസുള്ളവരാണോ എന്ന് പരിശോധിച്ചിട്ടില്ല. ഒരാൾ മാത്രമാണ് ലൈസൻസിന്റെ പകർപ്പ് ഹാജരാക്കിയിട്ടുള്ളത്.

ഖ) വാഹനം രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല. ആർ.സി ബുക്കിന്റെ പകർപ്പ്, വാഹന നമ്പർ ഇവയൊന്നും ലഭ്യമല്ല. വാഹനം കൈമാറ്റം ചെയ്യാൻ പാടില്ല എന്ന് ആർ.സി ബുക്കിൽ രേഖപ്പെടുത്തണമെന്നിരിക്കെ അത് ചെയ്തോ എന്ന് പരിശോധിക്കാൻ കഴിയുന്നില്ല.

വാഹനം വാങ്ങി നൽകുമ്പോൾ യഥാർത്ഥ അവകാശി തന്നെ ഉപയോഗിക്കുന്നു എന്നും വാഹനം കൈമാറ്റം ചെയ്തിട്ടില്ല എന്നും ഉറപ്പുവരുത്തേണ്ടതാണ്. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-18 ഡ്രൈവർ നിയമനം - യോഗ്യതാ പട്ടകയിൽ ഇല്ലാത്ത വ്യക്തിയെ നിയമിച്ചു

ബ്ലോക്ക് പഞ്ചായത്തിന്റെ രണ്ട് വാഹനങ്ങൾക്ക് ഡ്രൈവർ മാരെ നിയമിക്കുവാൻ 27 അപേക്ഷകരെ അഭിമുഖം നടത്തി ഏറ്റവും മികച്ചവരെ കണ്ടെത്താൻ സെക്രട്ടറി 20/1/2016 ൽ കായംകുളം ജോയിന്റ് ആർ.ടി.ഒ ക്ക് കത്ത് നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 15/2/2016 ൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ അഭിമുഖത്തിന് ഹാജരായ ആറുപേരെ വിലയിരുത്തി മാർക്ക് ലിസ്റ്റ് സെക്രട്ടറിക്ക് നൽകുകയും അതിൽ 15ൽ 11മാർക്ക് കിട്ടിയ ശ്രീ.അശോക് കുമാർ, 10 മാർക്ക് കിട്ടിയ ശ്രീ.ശശി എന്നിവരെ സെക്രട്ടറി ജോലിക്കായി തെരഞ്ഞെടുക്കുകയും ചെയ്തു. ശ്രീ.ശശി 18/7/16ൽ വിടുതലായി. 19/7/16 മുതൽ ശ്രീ.സമീർ (ചില പേജിൽ ഷമീർ എന്നും രേഖപ്പെടുത്തിയിരിക്കുന്നു) നെ ഡ്രൈവറായി നിയമിച്ചിട്ടുണ്ട്. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ 15/2/2016 ൽ നടത്തിയ അഭിമുഖത്തിൽ 10 മാർക്ക് തന്നെ ലഭിച്ച ഹസീബ് മോൻ, രഞ്ജിത്ത്.എ എന്നിവരും 9 മാർക്ക് വീതം ലഭിച്ച രാകേഷ്, നിഖിൽ എന്നിവരും ഉണ്ടായിരുന്നിട്ടും ഇവരെ ആരെയും നിയമിക്കാതെ പ്രസ്തുത നിയമത്തിന് അപേക്ഷിക്കുകയോ അഭിമുഖത്തിൽ പങ്കെടുക്കയോ ചെയ്യാതിരുന്ന ശ്രീ.സമീറിനെ ഡ്രൈവറായി നിയമിച്ചതിന്റെ കാരണം വ്യക്തമല്ല. ഇദ്ദേഹത്തെ നിയമിക്കാനായി എന്തെങ്കിലും അഭിമുഖമോ കഴിവ് പരിശോധനയോ നടത്തിയിട്ടില്ല. ഇദ്ദേഹത്തിന്റെ വ്യക്തിപരമായ വിവരങ്ങളോ ലൈസൻസ് മുതലായവയോ പരിശോധിച്ചതായും കാണുന്നില്ല. ഇത് സംബന്ധിച്ച ഫയലുകളൊന്നും തന്നെ ഫാറം III ൽ ഓഡിറ്റ് അന്വേഷണം നൽകിയ ശേഷവും ഓഡിറ്റിൽ ഹാജരാക്കിയില്ല. ആകയാൽ ശ്രീ സമീറിന്റെ നിയമനത്തെ സാധൂകരിക്കും വിധമുള്ള രേഖകൾ ഓഡിറ്റിൽ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം നൽകിയിട്ടും അതും ഹാജരാക്കിയില്ല. തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളെ മറികടന്ന് ചട്ടവിരുദ്ധമായി നിയമനം നടത്തിയതിനെക്കുറിച്ച് ഭരണവകുപ്പ് അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 3-19 നോൺബാങ്കിംഗ് ട്രഷറിയിൽ നിന്നും പിൻവലിച്ചതും

ചെലവഴിക്കപ്പെടാത്തതുമായ തുക യഥാസമയം തിരിച്ചടച്ചില്ല

12.4.2006 ലെ ജി.ഒ (പി) 177/2006/ധനം നമ്പരായുള്ള സർക്കാർ ഉത്തരവ് പ്രകാരം നോൺ ബാങ്കിംഗ് ട്രഷറിയിൽ നിന്നും പിൻവലിച്ചതും വിതരണം ചെയ്യാതെ 30 ദിവസത്തിലധികം ബാങ്ക് അക്കൗണ്ടിൽ നിൽക്കുന്നതുമായ തുക/ഡി.ഡി എന്നിവ ട്രഷറി ചെലാൻ മുഖേന തിരിച്ചടയ്ക്കേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (കോർപ്പറേഷൻ ബാങ്ക്, അക്കൗണ്ട് നം. 024800101021837) 29.3.16 ൽ 5291604/- രൂപ നിക്ഷേപിച്ച് ചെലവുകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിലെ 30.4.16 ലെ നീക്കിയിരുപ്പ് 124008/- രൂപയാണ്.

ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന തുകയല്ലാതെ മറ്റ് തുകകൾ ടി അക്കൗണ്ടിൽ നിക്ഷേപിക്കരുതെന്നിരിക്കെ ടി അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് തുകയുടെ വിശദവിവരം ലഭ്യമാക്കേണ്ടതാണ്. ആവശ്യത്തിലധികം തുക പിൻവലിച്ചതിനും ചെലവഴിയ്ക്കാത്ത തുക യഥാസമയം തിരിച്ചടയ്ക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതും, സർക്കാരിലേക്ക് തിരികെ ഒടുക്കുവാനുള്ള തുക തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 3-20 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ

ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർ 2014-15, 2015-16 വർഷത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ കാണുന്നു. വിശദവിവരം.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്ക് ( TR 7A) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2) പ്രവൃത്തിയുടെ നിർവ്വഹണത്തിനായി കരാർ ചമയ്ക്കുന്നതുമായി ബന്ധപ്പെട്ട് കരാറുകാരന് സെലക്ഷൻ നോട്ടീസ് അയക്കുന്നതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(3)കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകൾ, ടെണ്ടർ ഷെഡ്യൂൾ എന്നിവയിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(4) ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല.

(5) സൈറ്റ് ഹാൻഡ് ഓവർ ചെയ്ത വിവരം സൂക്ഷിച്ചിട്ടില്ല.

(6) മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/27.02.2017) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ഹാജരാക്കിയിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-21 വാണിജ്യ നികുതി വകുപ്പിൽ നിന്നുള്ള കോംമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ കരാറുകാർക്ക് വാറ്റ് കുറവ് ചെയ്തു നല്കി

വാണിജ്യ നികുതി കമ്മീഷണറുടെ 31.3.2011 ലെ 5/2011 നമ്പർ സർക്കുലർ പ്രകാരം ഫോറം- 1Eയിൽ കോമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ള കരാറുകാർക്ക് മാത്രമാണ് ടാക്സ് കോമ്പൗണ്ടിങ്ങിന് അർഹതയുള്ളത്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിലെ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ കരാർ കൊണ്ടിട്ടുള്ള കരാറുകാരാരും തന്നെ വാണിജ്യ നികുതി വകുപ്പിൽ നിന്നും ഫോറം- 1Eയിൽ കോമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ നിയമ പ്രകാരം ബിൽ തുകയിൽ നിന്നും 14.5% നിരക്കിൽ വാറ്റ് ഈടാക്കേണ്ടതായിരുന്നുവെങ്കിലും ടി നിരക്കിൽ വാറ്റ് ഈടാക്കാതെ കുറഞ്ഞ നിരക്കിലാണ് (3%,4%,5%) വാറ്റ് ഈടാക്കിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രവൃത്തി, കരാറുകാരൻ | ആകെ | വാറ്റ് | ബിൽ നം./ |
|---|---|---|---|---|

| നം. | | മൂല്യം | ഈടാക്കിയത് | തീയതി |
|---|---|---|---|---|
| 1 | പുളിയാണിക്കൽ മുക്ക് മണ്ണേൽ കടവ് റോഡ് റീടാറിംഗ്- ദേവികുളങ്ങര പഞ്ചായത്ത്. നൗഷീർ | 586993 | 29350 (5%) | 22/15-16 /29.3.16 |
| 2 | ഇളങ്ങണ്ണൂർ ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് ഓട- കണ്ടല്ലൂർ പഞ്ചായത്ത്. രാമകൃഷ്ണൻ നായർ | 156631 | 6265 (4%) | 10/14-15 /24.01.15 |
| 3 | ചെട്ടിയത്ത് മുക്ക്- മുട്ടകുളത്തേത്ത് റോഡിൽ ഓട- പത്തിയൂർ പഞ്ചായത്ത്. സുകുമാരൻ.കെ | 113337 | 3400 (3%) | 2/14-15 /30.08.14 |
| 4 | നിർമ്മൽ ജംഗ്ഷൻ മുതൽ അയ്യപ്പൻ നട വരെ റോഡ് റീടാറിംഗ്- മുതുകുളം പഞ്ചായത്ത്. ഹരികമാർ | 528691 | 26435 (5%) | 12/15-16 /29.02.16 |

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/ 28.02.2017) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ഹാജരാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി കുറഞ്ഞ നിരക്കിൽ വാറ്റ് ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, ടി കരാറുകാരിൽ നിന്നും കോംബൗണ്ടിംഗ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ഇവരിൽ നിന്നും 14.5% നിരക്കിൽ വാറ്റ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് പരിശോധന

ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) ഡിപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ തൻവർഷത്തെ വരവ്, തിരികെ നൽകിയ തുക, നീക്കിയിരുപ്പ് തുക എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടത്.

(2) ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസ്സിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

(3) ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/തസ്വഭവ തീയതി, 26.07.2011) നടപ്പാക്കിയിട്ടില്ല.

4-2. സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-3.ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. ഭവന നിർമ്മാണ പദ്ധതി 2014-15 | സ.ഉ(സാധാ) നം. 306/11/ ത.സ്വ.ഭ.വ, 7.12.2011 | 21400500 | 14980350 | 2140050 | – | 12840300 |
| 2015-16 | | | 12840300 | 2140050 | – | 10700250 |

4-6. <u>സ്ഥിരനിക്ഷേപങ്ങൾ</u>

ഇല്ല

4-7. ഓഡിറ്റ് റിക്കവറി

ഇല്ല

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | | |
|---|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 2014-15 | 188795840 |
| | | 2015-16 | 175703508 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 2014-15 | 158873161 |
| | | 2015-16 | 128182636 |
| വരവിനങ്ങളിലുള്ള നഷ്ടം | : | | 1250 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | | 246877 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | | 1904550 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1250 | | ശ്രീ.രാജീവ്.വി.ആർ, സെക്രട്ടറി |
| 3-2 | | 35699 | ശ്രീമതി. ബബിത ജയൻ, ചെയർ പേഴ്സൺ |
| 3-3 | | 105772 | ശ്രീ.രാജീവ്.വി.ആർ, സെക്രട്ടറി |
| 3-4 | | 26474 | ഡോ.ടി.എം.ശോഭന, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, പർച്ചേസിംഗ് കമ്മറ്റി അംഗങ്ങൾ (പ്രത്യേകം ചേർത്തിട്ടുണ്ട്) |
| 3-5 | | 13964 | ശ്രീ.രാജീവ്.വി.ആർ, സെക്രട്ടറി |
| 3-6 | | 5423 | ശ്രീമതി.എം.ഷൈനി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-7 | | 5246 | ശ്രീമതി.എം.ഷൈനി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-8 | | 7600 | ശ്രീമതി.കെ.കെ.ചന്ദ്രികാകുമാരി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-10 | | 1745 | ശ്രീ.രാജീവ്.വി.ആർ, സെക്രട്ടറി |
| 3-11 | | 33454 | ഡോ.ടി.എം.ശോഭന, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മുതുകുളം |
| 3-15 | | 500 | ശ്രീ.രാജീവ്.വി.ആർ, സെക്രട്ടറി |
| 3-16 | | 1000<br>10000 | ശ്രീ.അനീസ്.ജി, സെക്രട്ടറി<br>ശ്രീ.രാജീവ്.വി.ആർ, സെക്രട്ടറി |
| ആകെ | 1250 | 246877 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1350 | ശ്രീമതി. ബബിത ജയൻ, ചെയർ പേഴ്സൺ |
| 3-12 | 20000 | ശ്രീ.രാജീവ്.വി.ആർ, സെക്രട്ടറി |
| 3-17 | 1883200 | ശ്രീമതി.എ.സെലിൻ സ്റ്റെപ്ലാമേരി, സി.ഡി.പി.ഒ. |
| ആകെ | 1904550 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജീവ്.വി.ആർ, സെക്രട്ടറി,<br>ബ്ലോക്ക് പഞ്ചായത്ത്. | സെക്രട്ടറി,<br>മുതുകുളം ബ്ലോക്ക് പഞ്ചായത്ത്. | രാജീവം, റ്റി.പി.സെന്റർ,<br>മണ്ണാറശ്ശാല.പി.ഒ. |
| ശ്രീ.അനീസ്.ജി, സെക്രട്ടറി<br>ബ്ലോക്ക് പഞ്ചായത്ത് | - | പുത്തൻപറമ്പിൽ,<br>മൂലവട്ടം.പി.ഒ.<br>കോട്ടയം |
| ശ്രീമതി.കെ.കെ.ചന്ദ്രികാകുമാരി,<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ | -- | ശിവകൃപ, പുതുപ്പള്ളി.പി.ഒ,<br>ദേവികുളങ്ങര |
| ശ്രീമതി.എം.ഷൈനി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | ഹൗസ് നം.81, മംഗലശ്ശേരിൽ,<br>ശങ്കർ നഗർ, കൊല്ലം |
| ഡോ.ടി.എം.ശോഭന.<br>മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | വിരമിച്ചു. | ദ്വാരക, കലവൂർ പി.ഒ,<br>ആലപ്പുഴ. |
| സബ്കമ്മിറ്റി അംഗങ്ങൾ | | |
| ശ്രീമതി.ബബിതാജയൻ. | -- | പടിഞ്ഞാറേപുതുക്കാട്,<br>ചൂളത്തെരുവ്, മുതുകുളം. |
| ശ്രീമതി.തിലോത്തമടീച്ചർ. | | കൊച്ചുതയ്യിൽ<br>മംഗലം.പി.ഒ. |
| ശ്രീമതി.ഓമന .ബി.പിള്ള. | | കൊച്ചാലുംമൂട്ടിൽ വീട്.<br>ചിങ്ങോലി.പി.ഒ. |
| ശ്രീ.ജെ.സുജിത്ത്. | | വടക്കേമുറിയിൽ<br>പെരുമ്പള്ളി,<br>വലിയഴീക്കൽ പി.ഒ. |

| | | |
|---|---|---|
| ശ്രീമതി.വി.എസ്.ശ്രീജ. | | കോട്ടൂർ ഹൗസ്,<br>മുതുകുളം തെക്ക് പി.ഒ. |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1995-96 മുതൽ<br>2005-06 വരെ. | എൽ.എഫ്.എ.ബി.പി/1477/10/06.12.10. |
| 2006-07മുതൽ 2009-10 വരെ. | |
| 2010-11 | എൽ.എഫ്.എ.ബി.പി/1382/11/07.06.2012. |
| 2011-12. | എൽ.എഫ്.എ.ബി.പി/10/2013/06.02.2013. |
| 2012-13 | എൽ.എഫ്.എ.ബി.പി/150/2015/18.02.2015. |
| 2013-14 | എൽ.എഫ്.എ.ബി.പി/719/2015/03.07.15. |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി/ബി.പി-242/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 15.03.2017

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 വർഷങ്ങളിലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 4 ഖണ്ഡിക 1ൽ കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/BP-242/17

Kerala State Audit Department,

District Audit Office,Alappuzha.

Date: 15.03.2017

<u>AUDIT CERTIFICATE</u>

Certified that I have audited the Annual Financial Statement of Muthukulam Block Panchayat in Alappuzha District for 2014-15 & 2015-16 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Muthukulam Block panchayat for the years 2014-15, 2015-16 except the observations in part 4-1 of the audit report properly presents the picture of receipts and payments.

Senior Deputy Director

Kerala State Audit Department

Alappuzha